ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ, തിരുവനന്തപുരം**

**(ഹാജർ: ഡോ.എ.കൗശിഗൻ, ഐഎഎസ്)**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്- വകുപ്പിലെ ചീഫ് ഇൻസ്ട്രക്ടർ, സീനിയർ ഇൻസ്ട്രക്ടർ, ജൂനിയർ ഇൻസ്ട്രക്ടർ/ചിക്സെക്സിങ് എക്സ്പേർട്ട്, ചിക്സെക്സർ എന്നീ തസ്തികയിലെ ജീവനക്കാരുടെ 01/07/2024 പ്രാബല്യത്തിലുള്ള സംയോജിത താത്കാലിക മുൻഗണന പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.**

| | |
|---|---|
| നമ്പർ -AHD/4930/2023-J1 | തീയതി:20-09-2024 |

പരാമർശം: 1) ഈ കാര്യാലയത്തിലെ 27-08-2024 ലെ AHD/5685/2022-J1 നമ്പർ പരിപത്രം

**ഉത്തരവ്**

മൃഗസംരക്ഷണവകുപ്പിലെ ചീഫ് ഇൻസ്ട്രക്ടർ, സീനിയർ ഇൻസ്ട്രക്ടർ, ജൂനിയർ ഇൻസ്ട്രക്ടർ/ചിക്സെക്സിങ് എക്സ്പേർട്ട്, ചിക്സെക്സർ എന്നീ തസ്തികയിലെ ജീവനക്കാരുടെ 01/07/2024 പ്രാബല്യത്തിലുള്ള സംയോജിത താത്കാലിക മുൻഗണന പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. ഈ നടപടിക്രമം വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ മുൻഗണന പട്ടിക സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഈ നടപടിക്രമം എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാരും, ഉപ കാര്യാലയ മേധാവികളും,നിയന്ത്രണ ഉദ്യോഗസ്ഥൻമാരും അവരുടെ കീഴിലുള്ള പുനർവിന്യാസം, അന്യത്രസേവനം എന്നിവയിൽ തുടരുന്നവരുൾപ്പെടെയുള്ള ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും രേഖാമൂലം തന്നെ സർക്കുലേറ്റ് ചെയ്യേണ്ടതും, ആയതിന്റെ കൈപ്പറ്റ് രസീത് അതാത് കാര്യാലയങ്ങളിൽ സൂക്ഷിക്കേണ്ടതുമാണ്.

2) മുൻഗണനപട്ടികയിലെ വിവരങ്ങൾ ശരിയാണെങ്കിൽ ആയതിന്റെ സാക്ഷ്യപത്രം അതാത് ജീവനക്കാരിൽ നിന്നും ലഭ്യമാക്കി അതാത് കാര്യാലയങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

3) ജില്ലാ മൃഗസംരക്ഷണ ഓഫീസർമാരും, ഉപ കാര്യാലയ മേധാവികളും , നിയന്ത്രണ ഉദ്യോഗസ്ഥൻമാരും ജീവനക്കാരുടെ സേവന വിവരങ്ങൾ സംബന്ധിച്ച രേഖകൾ, താത്കാലിക മുൻഗണന പട്ടികയുമായി ഒത്തുനോക്കി, വകുപ്പുതല പരീക്ഷ വിജയിച്ചതിന്റെയും, വിദ്യാഭ്യാസ യോഗ്യത ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ശരിയാണോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആയതിൽ അപാകതകളോ, ഉൾച്ചേർക്കലുകളോ, ആക്ഷേപങ്ങളോ, ഉണ്ടെങ്കിലും, ഏതെങ്കിലും ജീവനക്കാരുടെ പേരു വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് വിട്ടുപോയിട്ടുണ്ടെങ്കിലും,ജീവനക്കാരുടെ സീനിയോരിറ്റിയെ ബാധിക്കുന്ന ഏതെങ്കിലും വിവരങ്ങൾ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെങ്കിലും, സീനിയോരിറ്റി ക്രമത്തിൽ വ്യത്യാസമുണ്ടെങ്കിലും, താൽകാലിക മുൻഗണന പട്ടികയിലെ ക്രമനമ്പരും പേരും ഉൾപ്പെടെ അനുബന്ധ രേഖകളും, വ്യക്തമായ ശുപാർശയും സഹിതം ഈ നടപടിക്രമം ഒപ്പവച്ച തീയതി മുതൽ അഞ്ച് ദിവസത്തിനകം നിയന്ത്രണ ഉദ്യോഗസ്ഥന്റെ അഭിപ്രായക്കുറിപ്പ് സഹിതം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.

4)അപേക്ഷകൾ, നിയന്ത്രണ ഉദ്യോഗസ്ഥർ വ്യക്തമായി പരിശോധിച്ച് അനുബന്ധ രേഖകളും, വ്യക്തമായ ശുപാർശയും സഹിതം ഉചിത മാർഗേന മാത്രമേ അയയ്ക്കാൻ പാടുള്ളൂ. ജീവനക്കാർ ഡയറക്ടർക്ക് ഉചിത മാർഗേണയല്ലാതെ നേരിട്ട് അപേക്ഷകൾ അയയ്ക്കാൻ പാടുള്ളതല്ല.

5) ഈ നടപടിക്രമത്തിലെ നിർദേശങ്ങൾ പാലിച്ചുവെന്ന സാക്ഷ്യപത്രം ഉചിത മാർഗേണ സമയ ബന്ധിതമായി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. വൈകി ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

6)മുൻഗണന പട്ടികകൾ തയാറാക്കുന്നത് സംബന്ധിച്ച പരാമർശം 1 പരിപത്രത്തിലെ നിർദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

7) മേല്പറഞ്ഞ നിർദേശങ്ങൾ പാലിച്ചുവെന്ന സാക്ഷ്യപത്രം ഈ നടപടിക്രമം ഒപ്പുവച്ച തീയതി മുതൽ അഞ്ചു ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

മേൽപരാമർശിക്കുന്ന കാര്യങ്ങളിൽ വീഴ്ച്ചവരുത്തുന്നതുമൂലം ജീവനക്കാർക്കുണ്ടാകുന്ന എല്ലാ വിധ കഷ്ടനഷ്ടങ്ങൾക്കും, കോടതിവ്യവഹാരങ്ങൾക്കും ബന്ധപ്പെട്ട ജില്ലാമൃഗസംരക്ഷണഓഫിസർ, ഉപകാര്യാലയമേധാവികൾ, നിയന്ത്രണഉദ്യോഗസ്ഥർ എന്നിവർ മാത്രമായിരിക്കും പൂർണ്ണ ഉത്തരവാദികൾ എന്ന വിവരം അറിയിക്കുന്നു.

Signed by A Kowsigan
Date: 20-09-2024 18:41:06

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) വകുപ്പിലെ എല്ലാ ബന്ധപ്പെട്ട ജീവനക്കാർക്കും (നിയന്ത്രണോദ്യോഗസ്ഥൻ മുഖേന)
എല്ലാ ജില്ലാമൃഗസംരക്ഷണ ഓഫീസർമാർക്കും/ഉപകാര്യാലയ മേധാവികൾക്കും

2) ഐ.റ്റി.നോഡൽ ഓഫീസർ (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതിന്)

3) കെ സെക്ഷൻ സൂപ്രണ്ട്/ കെ 2 സെക്ഷൻ ക്ലർക് ( ഈ താത്കാലിക മുൻഗണന പട്ടിക പരിശോധിക്കേണ്ടതും, പുനർവിന്യാസം, അന്യത്രസേവനം എന്നിവയിൽ തുടരുന്നവരുൾപ്പെടെയുള്ള ജീവനക്കാരുടെ സേവന വിവരങ്ങളിൽ മാറ്റങ്ങളോ, ഉൾച്ചേർക്കലുകളോ വരുത്തേണ്ടതുണ്ടെങ്കിൽ ജെ സെക്ഷനിൽ അറിയിക്കേണ്ടതുമാണ്.

4) വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലല്ലാതെ അന്യത്രസേവനം, പുനർവിന്യാസം, മറ്റേതെങ്കിലും രീതികളിൽ സേവാനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ഈ നടപടിക്രമം സർക്കുലേറ്റ് ചെയ്യേണ്ടതും പരാതികൾ പരിശോധിച്ച് ജെ സെക്ഷനിൽ ലഭ്യമാക്കേണ്ടതുമാണ്)

പകർപ്പ്

ഡയറക്ടർ ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി എ മാർക്ക്

| Combined Provisional Seniority List of Chief Instructor, senior Instructor, Junior Instructor/ Chick Sexing Expert, Chick Sexer in Animal Husbandry Department as on 01/07/2024 | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Sl No | Name, PEN No | Qualification | | Date of Birth | Date of retirement | Date of Entry in service | Date of entry in the present post | Date of declaration of Probation in present post | PSC advice no/ By transfer/ Promotion order No | Remarks |
| | | General | Special | | | | | | | |
| 1 | 2 | 3 | 4 | 5 | | 6 | 7 | 8 | | 9 |
| Chief Instructor | | | | | | | | | | |
| 1 | Venugopalan K B Pen.478326 | VHSC | Animal Husbandry Training course for VHSE certificate holders, ChickSexing & Hatchery Management Course,Account Test (Lower) AHD Manual | 15/02/71 | 28/02/27 | 16/03/98 | 18/08/09 | 18/08/10 | Order No.K2 .15423/2008/ estt.Dated 06/08/2009 DAH.Tvm | |
| senior Instructor | | | | | | | | | | |
| 2 | Ramadevi L, PEN-671827 | SSLC, Type Writing (L) Eng ,Mal | livestock Inspec tor Training 11 months . Chick sexing Course 5 months, AHD, MOP, KSR LOWER & HIGHER | 08/05/69 | 31/05/25 | 07/12/94 | 01/12/14 | | K2 24133/2014 dtd 01/12/2014 | |
| Junior Instructor/ Chick Sexing Expert | | | | | | | | | | |
| 1 | Raji. M. R Chick Sexing Expert Pen.495516 | VHSC | Livestock Inspector Training Refresher Training For Livestock Inspector. Chick sexing & Hatchery Managent Course, AHD Manual | 29/05/78 | 31/05/34 | 25/10/04 | 01/09/11 | 15/09/12 | Order No. K2. 4761/ 2010/Estt. Dated 16/ 08/2011 of DAH.Tvm | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2 | Krishnaprasad. P.M.<br>PEN-228442 | Pre Degree<br>ITI | Chick sexing course<br>98 % accuracy | 21/05/71 | 31/05/27 | 06/03/00 | 27/07/15 | 23/08/16 | K2/11286/2015/<br>Estt dtd<br>27/07/2015 | 15 years<br>higher<br>grade |
| 3 | Rajesh TS<br>Chick Sexing expert<br>Pen. 228510 | SSLC | Chick<br>sexing<br>& hatchery<br>Managent<br>Course<br>AHD Manual | 17/06/74 | 30/06/30 | 23/04/04 | 14/06/18 | 14/06/19 | Order No.<br>AHD/4196 /2017-<br>K2. Estt.<br>Dated 11/06/2018<br>DAH.TVM | |
| Chick Sexer | | | | | | | | | | |
| 1 | Nithin Raj.R<br>PEN-854864 | THSLC | Chicksexing &<br>Hatchery<br>ManagemEnt | 16.11.1995 | 30.11.2055 | 01.02.2019 | 17.02.2021 | 17.02.2022 | AHD/1730/<br>2020-K2<br>DTD 16.02.2021<br>By Transfer | |
| 2 | SIVAPRASANTH .S<br>PEN No: 829186 | .Bsc maths<br>MBA (HR<br>Marketing) | Chick sexing<br>and<br>Hatchery<br>ManageMent | 20.03.1988 | 31.03.2048 | 26.02.2018 | 20.02.2021 | 20.02.2022 | AHD/<br>1730/2020-K2<br>DT:16.02.2021 | |
| 3 | RAMJITH.M. R<br>PEN-898966 | SSLC. PLUS<br>TWO, BA | Chick sexing &<br>hatchery<br>management<br>Course | 10-05-1992 | 31-05-2052 | 11-11-2020 | 22-08-2022 | 22-08-2023 | By transfer<br>Order No<br>AHD/1730/2020-<br>K2<br>Dtd 19-08-2022<br>of DAH Tvm | |

**Director of Animal Husbandry**

Signed by A Kowsigan
Date: 20-09-2024 18:32:58